# അക്കാദമിക മാസ്റ്റർ പ്ലാൻ
# 2025-26

## GMLP SCHOOL VAVAD

# ആമുഖം

കോഴിക്കോട് ജില്ലയിലെ കൊടുവള്ളി മുനിസിപ്പാലിറ്റി വയനാട് ഗുഡല്ലൂർ ദേശീയ പാതയിൽ നിന്നും അൽപം മാറി കൊടുവള്ളിക്കും താമരശ്ശേരിക്കും മദ്ധ്യേ വാവാട് എന്ന സ്ഥലത്താണ് വാവാട് ജി.എം.എൽ.പി സ്കൂൾ സ്ഥിതി ചെയ്യുന്നത്. 1926ൽ വാവാട് സെൻട്രൽ ബസാറിൽ കണിയാറക്കൽ മൂസ എന്നയാളുടെ പീടികത്ത് മുകളിലായിരുന്നു സ്കൂളിന്റെ തുടക്കം. ശ്രീമാൻ ഉണ്ണിച്ചാത്തൻ എന്ന ഒരു അധ്യാപകനും 6 വിദ്യാർത്ഥികളുമായിരുന്നു അന്ന് ഉണ്ടായിരുന്നത്. രണ്ട് വർഷത്തിന് ശേഷം സ്കൂൾ ഇന്നത്തെ ഇരുമോത്ത് എന്ന സ്ഥലത്തേക്ക് മാറ്റപ്പെട്ടു. ശേഷം സാമൂഹ്യ പ്രവർത്തകനായ പുറായിൽ അഹ്മദ്കുട്ടി എന്ന വ്യക്തി സ്കൂളിനാവശ്യമായ സ്ഥലവും കെട്ടിടവും നിർമ്മിച്ച് നൽകുകയും പിന്നീട് അദ്ദേഹത്തിന്റെ പുത്രന്മാരായ ശ്രീ കലന്തൻ (ബാപ്പു വാവാട്, മുഹമ്മദ് എന്നിവരുടെ ഉടമസ്ഥതയിലാവുകയും ചെയ്തു.

സ്കൂൾ ഈ വർഷം 100-ാം വാർഷികം ആഘോഷിക്കുകയാണ്. തുടക്കത്തിൽ സ്കൂൾ പ്രവർത്തിച്ചത് വാടകക്കെട്ടിടത്തിലായതിനാൽ സർക്കാർ ഫണ്ടുകളൊന്നും ലഭിച്ചിരുന്നില്ല. സമീപത്തെ വിരുത്ത് എസ്റ്റേറ്റ് ഉടമ സ്കൂൾ നിർമ്മാണത്തിന് ആവശ്യമായ 25 സെന്റ് സ്ഥലം നൽകിയതോടെ സ്കൂളിന് സ്വന്തം കെട്ടിടം എന്ന സ്വപ്നം സാക്ഷാത്ക്കരിക്കപ്പെട്ടു. 2015 ഫെബ്രുവരി 19-ാം തിയ്യതിയാണ് സ്കൂൾ നിലവിൽ പ്രവർത്തിച്ച് കൊണ്ടിരിക്കുന്ന പുതിയ കെട്ടിടത്തിലേക്ക് മാറിയത്. പ്രകൃതി ഭംഗിയും ശുദ്ധവായുവും കൊണ്ട് സമ്പന്നമാണ് കുന്നിൻ മുകളിൽ സ്ഥിതി ചെയ്യുന്ന ഈ വിദ്യാലയം. വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ കൊണ്ട് മികവിന്റെ കേന്ദ്രമായി മാറിക്കൊണ്ടിരിക്കുകയാണ് ഈ വിദ്യാലയം.

# അടിസ്ഥാന വിവരങ്ങൾ

വിദ്യാലയത്തിന്റെ പേര് : ജി. എം. എൽ പി സ്കൂൾ വാവാട്
വിലാസം : വാവാട് പി.ഒ കൊടുവള്ളി 673572
പ്രധാനാധ്യാപകൻ : നസീം. വി.കെ
ഫോൺ : 8547575691
സ്കൂൾ കോഡ് : 47438
വിദ്യാഭ്യാസ ഉപജില്ല : കൊടുവള്ളി
വിദ്യാഭ്യാസ ജില്ല : താമരശ്ശേരി
റവന്യൂ ജില്ല : കോഴിക്കോട്
ബി. ആർ. സി : കൊടുവള്ളി
മുനിസിപ്പാലിറ്റി : കൊടുവള്ളി
ബ്ലോക്ക് പഞ്ചായത്ത് : കൊടുവള്ളി
താലൂക്ക് : താമരശ്ശേരി
വില്ലേജ് : വാവാട്
ഇ.മെയിൽ : gmlpsvavad1927@gmail.com
പി.ടി.എ പ്രസിഡന്റ് : അബൂബക്കർ
വാർഡ് കൗൺസിലർ : അബ്ദു വെള്ളറ.

# കുട്ടികളുടെ എണ്ണം (2025-26)

| | STD I | STD II | STD III | STD IV | TOTAL |
|---|---|---|---|---|---|
| BOYS | 10 | 9 | 7 | 10 | 36 |
| GIRLS | 18 | 8 | 10 | 5 | 41 |
| TOTAL | 28 | 17 | 17 | 15 | 77 |

TOTAL BOYS : 36

GIRLS : 41

TOTAL STUDENTS : 77

## നിലവിൽ അധ്യാപക ജീവനക്കാർ

| | | |
|---|---|---|
| പ്രധാനാധ്യാപകൻ | : | നസീം. വി.കെ |
| ഒന്നാം ക്ലാസ് | : | സഫിയ. ഒ |
| രണ്ടാം ക്ലാസ് | : | അനീഷ് മൈക്കിൾ |
| മൂന്നാം ക്ലാസ് | : | നസീം. വി.കെ |
| നാലാം ക്ലാസ് | : | സറീന. സി.കെ |
| അറബിക് അധ്യാപകൻ | : | അനീസുറഹ്മാൻ. |
| P.E.T | : | സിമ്മി ശിവദാസ് |
| | : | സുഭാഷിണി. |

## അനധ്യാപക ജീവനക്കാർ

| | | |
|---|---|---|
| പി. ടി. സി. എം | : | ചന്ദ്രമതി |
| പാചകം | : | വനജകുമാരി. |

## നേട്ടങ്ങൾ

* പ്രകൃതി സൗന്ദര്യം നിറഞ്ഞുനിൽക്കുന്ന ചുറ്റുപാട്
* ക്ലീൻ - ഗ്രീൻ - ഡസ്റ്റ് ഫ്രീ ക്യാമ്പസ്
* ശബ്ദരഹിതവും ശുദ്ധവായു ലഭ്യതയുള്ളതുമായ ഉയർന്ന പ്രദേശം.
* കുട്ടികളുടെ സുരക്ഷിതത്വത്തിനായി ചുറ്റുമതിലും ഗേറ്റും
* ഇന്റർലോക്ക് ചെയ്ത മുറ്റം
* വിശാലമായ സ്കൂൾ ലൈബ്രറി. മുഴുവൻ ക്ലാസ്മുറികളിലും ക്ലാസ് - ലൈബ്രറികളും ആവശ്യത്തിന് പുസ്തകങ്ങളും.
* കലാ കായിക മേളകളിൽ മത്സരങ്ങളിൽ ഉയർന്ന നേട്ടം
* L.S.S പരീക്ഷയിൽ മികച്ച വിജയം
* ദിനാചരണങ്ങളുമായി ബന്ധപ്പെടുത്തി വിവിധ മത്സര പരിപാടികൾ
* പഠനയാത്ര, വാർഷികാഘോഷം എന്നിവ വിജയകരമായി നടത്തൽ.

## പൊതു ലക്ഷ്യങ്ങൾ :-

പൊതുവിദ്യാലയ ശാക്തീകരണം :

→ ഓരോ ക്ലാസിലെയും കുട്ടികൾ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പു വരുത്തും.

→ ഓരോ ക്ലാസിലും ഓരോ സമയത്തും (Term) വിദ്യാർത്ഥികൾ കൈവരിക്കേണ്ട പഠനനേട്ടങ്ങൾ എന്തൊക്കെയാണെന്ന് രക്ഷിതാക്കളെ മുൻകൂട്ടി അറിയിക്കും

→ കുട്ടികളുടെ അക്കാദമികവും കായികവും സർഗാത്മകവുമായ കഴിവുകൾ കണ്ടെത്തി അവരെ പരമാവധി പ്രോത്സാഹിപ്പിച്ച് നേട്ടങ്ങൾ കൈവരിക്കാനുള്ള പരിശീലനവും പ്രോത്സാഹനവും നൽകും.

→ എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ്, അറബിക് എന്നീ ഭാഷകൾ ഫലപ്രദമായി കൈകാര്യം ചെയ്യാനുള്ള കഴിവുകൾ വളർത്തും.

→ ഗണിത ശേഷികൾ കൈവരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തും.

→ കുട്ടികളുടെ സർഗാത്മക കഴിവുകൾ കണ്ടെത്തുന്നതിനുള്ള വേദികൾ ഒരുക്കുകയും അവ കണ്ടെത്തി പരിപോഷിപ്പിക്കുകയും ചെയ്യും.

→ നാലാം ക്ലാസിലെ പ്രതിഭകളായ കുട്ടികൾക്ക് എൽ.എസ്.എസ് പരിശീലനത്തിന് സഹായമൊരുക്കാൻ അധ്യാപകർക്ക് പുറമെ പ്രദേശത്തു ലഭ്യമാകുന്ന മറ്റ് അധ്യാപകരെയും ഒഴിവ് ദിവസങ്ങളിൽ പ്രയോജനപ്പെടുത്താൻ ഉദ്ദേശിക്കുന്നു.

# മികവ്

ഭാഷ, ഗണിതം എന്നീ വിഷയങ്ങളിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് "മികവ്" എന്ന പേരിൽ പ്രത്യേക ക്ലാസുകൾ നൽകി വരുന്നു. ഓരോ ക്ലാസിലും പിന്നോക്കം നിൽക്കുന്ന കുട്ടികളെ പ്രത്യേക ടെസ്റ്റുകൾ നടത്തി കണ്ടെത്തുകയും അവർക്കാവശ്യമായ പിന്തുണ നൽകി അവരെ മുൻപന്തിയിലെത്തിക്കാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുകയും ചെയ്യുന്നു. ദിവസവും അരമണിക്കൂർ ഇതിനായി മാറ്റി വെക്കുകയും അവർക്ക് പ്രത്യേകം ക്ലാസുകൾ നൽകുകയും ചെയ്യുന്നു. ചിഹ്നങ്ങൾ, അക്ഷരങ്ങൾ എന്നിവ ഉറക്കാനുള്ള പ്രവർത്തനങ്ങൾ, ഗണിതത്തിലെ ചതുഷ്ക്രിയകൾ ചെയ്യാനുള്ള പ്രവർത്തനങ്ങൾ എന്നിവയാണ് ഈ ക്ലാസിലൂടെ നൽകുന്നത്. ഇത്തരം പ്രവർത്തനങ്ങളിലൂടെ വിദ്യാലയത്തെ ~~വിദ്യാലയത്തിൽ~~ മികവിന്റെ കേന്ദ്രമാക്കി മാറ്റുക എന്നതാണ് ലക്ഷ്യമിടുന്നത്.

# വിഷയം : മലയാളം

## ലക്ഷ്യങ്ങൾ :-

* എല്ലാ കുട്ടികൾക്കും വായിച്ച് ആശയം ഗ്രഹിക്കാനും തെറ്റില്ലാതെ എഴുതാനും കഴിയുന്നു എന്ന് ഉറപ്പ് വരുത്തുക
* കുട്ടികൾ പരസ്പരം ആശയ വിനിമയത്തിനുള്ള കഴിവ് നേടി എന്ന് ഉറപ്പ് വരുത്തുക.
* കുട്ടികളുടെ സാഹിത്യ അഭിരുചി വളർത്തുകയും സർഗാത്മക രചനകൾ നടത്തുന്നതിനുള്ള അവസരം നൽകുകയും ചെയ്യുക.
* ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക.
* ഭാഷാ ശേഷി വികസനത്തിനായി ആധുനിക സാങ്കേതിക സാധ്യതകളെ പ്രയോജനപ്പെടുത്തുക.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഭാഷാ ശേഷി വികസനം | * ഭാഷാ കളരി<br>– കുട്ടി പാട്ടുകളും കഥകളും കുട്ടി കൂട്ടങ്ങൾ സംഘടിപ്പിക്കൽ | സെപ്തംബർ ഒക്ടോബർ | ക്ലാസ് ടീച്ചർ<br>SRG<br>SMC | SMC |
| | * അമ്മ പറയട്ടെ.<br>അമ്മമാർ കുട്ടികൾക്ക് അവതരിപ്പിക്കുന്നു. | ജൂലൈ<br>ഡിസംബർ<br>ജനുവരി<br>മാസത്തിലൊരിക്കൽ | ക്ലാസ് ടീച്ചർ<br>SRG<br>MPTA | MPTA |
| ഉചിതമായ വ്യവഹാര രൂപങ്ങളിലൂടെ ലേഖന മികവ് | * എഴുത്തും ഇഷ്ടം<br>– ചെറു രചനയിലേക്ക് നയിക്കുന്ന രചനാ പ്രവർത്തനങ്ങൾ<br>* കഥ പൂർത്തിയാക്കൽ<br>* വരികൾ കൂട്ടിച്ചേർക്കൽ etc<br>* ലഘു പതിപ്പുകൾ തയ്യാറാക്കൽ | ഒക്ടോബർ<br>നവംബർ<br>ഡിസംബർ | SRG<br>SMC<br>MPTA<br>ക്ലാസ് ടീച്ചർ | SMC<br>SRG |
| സർഗ്ഗാത്മകതയെ പരിപോഷിപ്പിക്കാം. | * രചനാ ശില്പ ശാല<br>– കഥ, കവിത രചനകൾക്കുള്ള വേദിയൊരുക്കൽ | ഡിസംബർ<br>ജനുവരി | ക്ലാസ് ടീച്ചർ<br>SRG<br>MPTA | SMC<br>SRG |
| സാഹിത്യരൂപങ്ങളെ അടുത്തറിയാം. | x കവികളെ കുറിച്ചുള്ള ഡോക്യുമെന്ററി പ്രദർശനം | ജൂലൈ | അധ്യാപകർ<br>SMC | SMC |
| | * പുസ്തക ശേഖരണവും പ്രദർശനവും | ജൂൺ<br>ഡിസംബർ | അധ്യാപകർ<br>SMC | |
| വായന പരിപോഷണം | * റീഡിംഗ് കോർണർ തയ്യാറാക്കൽ | ജൂൺ | MPTA, clubs | SMC |
| | * വായനാകളരി | ആഴ്ചയിലൊരിക്കൽ | വായനശാല<br>Library<br>SMC, SRG | SRG |
| | * നാട്ടുവായന<br>→ പ്രാദേശിക എഴുത്തുകാരുമായുള്ള സംവാദം. | ആഗസ്റ്റ് | വിദ്യാരംഗം | |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ. | ഭാഷാപരമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം സംഘടിപ്പിക്കൽ. ആവശ്യമായ സാമഗ്രികൾ ഒരുക്കൽ | ലക്ഷ്യം നേടുന്നത് വരെ | SRG<br>Class Teacher | SRG |
| വായനാ ശേഷി വളർത്തൽ | ക്ലാസ് വായനാമൂല, ക്ലാസ് ലൈബ്രറി ഒരുക്കൽ, പുസ്തക പരിചയം, വായനാ കുറിപ്പ്, ആസ്വാദന കുറിപ്പ്, ആനുകാലിക വായന | വർഷം മുഴുവൻ | HM<br>SRG<br>Class Teacher<br>CPTA | PTA |
| എഴുത്ത് പരിപോഷിപ്പിക്കൽ | പാഠഭാഗങ്ങളിൽ നിന്നും പഠന പ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ | [illegible] (വർഷം മുഴുവൻ) | SRG<br>ക്ലാസ് ടീച്ചർ | PTA |
| അറിവ് ഡോക്യുമെന്ററിയിലൂടെ | പാഠഭാഗവുമായി ബന്ധപ്പെട്ട വിവിധ വീഡിയോ പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ | SRG |
| നാടൻ ഭക്ഷണങ്ങൾ പരിചയപ്പെടൽ | ഭക്ഷ്യമേള, പലഹാരങ്ങൾ തയ്യാറാക്കൽ, ക്ലാസിലൊരു സദ്യ | വർഷത്തിലൊന്ന്. | SRG<br>Class Teacher<br>PTA | |
| സാഹിത്യകാരന്മാരുടെ ജന്മ-മരണദിനാചരണങ്ങൾ സംഘടിപ്പിക്കൽ ആകർഷകമായി | ഓർമ്മ ദിനങ്ങൾ ആചരിക്കൽ, ഡോക്യുമെന്ററി പ്രദർശനം, പുസ്തക പരിചയം, ക്വിസ് മത്സരം, ലഘു പതിപ്പുകൾ തയ്യാറാക്കൽ | ആവശ്യാനുസരണം | SRG<br>ക്ലാസ് ടീച്ചർ | |
| ഭാഷാപഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ പ്രകടിപ്പിക്കൽ. | കുട്ടികളുടെ സർഗ്ഗ ശേഷികളുടെ പ്രദർശനം. | വർഷത്തിലൊരിക്കൽ | HM<br>SRG<br>CPTA<br>Class Teacher | PTA |

# വിഷയം - ഇംഗ്ലീഷ്

ലക്ഷ്യങ്ങൾ :-

* ഭാഷ സ്വായത്തമാക്കാൻ ഉതകുന്ന തരത്തിൽ വിദ്യാലയ അന്തരീക്ഷം മാറ്റിയെടുക്കൽ.
* മുഴുവൻ കുട്ടികൾക്കും ഇംഗ്ലീഷ് വായിച്ചു മനസ്സിലാക്കാനും എഴുതാനുമുള്ള കഴിവുണ്ടാക്കുക.
* ഇംഗ്ലീഷ് സംസാരിക്കുന്നത് മനസ്സിലാക്കാനും ആവശ്യമായ സന്ദർഭങ്ങളിൽ തിരിച്ച് പറയാനുമുള്ള ശേഷി ഉണ്ടാക്കുക.
* സർഗ്ഗാത്മക രചനക്ക് കുട്ടികൾക്ക് സന്ദർഭമൊരുക്കുക.
* ഭാഷാ ശേഷി വികസനത്തിനായി ആധുനിക സാങ്കേതിക സംവിധാനങ്ങൾ ഉപയോഗപ്പെടുത്തുക.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനും ശേഷി വർദ്ധിപ്പിക്കൽ | * പ്രീടെസ്റ്റ് നടത്തി വിശകലനം ചെയ്ത് മെച്ചങ്ങളും പരിമിതികളും കണ്ടെത്തുന്നു. * പരിമിതി പരിഹരിക്കാനാവശ്യമായ പ്രവർത്തനങ്ങൾ ആവിഷ്കരിക്കുന്നു. | ജൂൺ ജൂലൈ | ക്ലാസ് ടീച്ചർ SRG. | |
| | * കാർഡ് നിർമ്മാണം | ആഴ്ചതോറും | class teacher | |
| | * ഭാഷാകേളികൾ | വർഷം മുഴുവൻ | Class Teacher | |
| | * A word a day. | ദിവസവും | Class Teacher | |
| എല്ലാവരെ ഇംഗ്ലീഷ് എഴുത്തുള്ള ശേഷി. | * ഡയറിക്കുറിപ്പ് തയ്യാറാക്കൽ | ആഴ്ചയിൽ ഒരിക്കൽ | Class Teacher | |
| * ആത്മവിശ്വാസത്തോടെ ഇംഗ്ലീഷ് സംസാരിക്കുന്നതിന് | * ഇംഗ്ലീഷ് അസംബ്ലി | മാസത്തിൽ ഒന്ന്. | SRG class Teacher English club. | |
| * ഇംഗ്ലീഷ് ഭാഷ ശ്രദ്ധാമായി കേൾക്കാനുള്ള അവസരം ഒരുക്കൽ | * കാർട്ടൂൺ പ്രദർശനം * സിനിമാ പ്രദർശനം. | മാസത്തിൽ – ഒന്ന് | | |
| * വായന ആസ്വാദ്യത്തോടും ഒഴുക്കോടെയും | * ക്ലാസ് ലൈബ്രറി വികസനം | ജൂൺ – മാർച്ച് | SRG, CT | SRG |
| | * വാർത്താ വായനാ മത്സരം സംഘടിപ്പിക്കൽ | മാസത്തിൽ ഒന്ന് | SRG | |
| | * ബാല പ്രസിദ്ധീകരണങ്ങളുടെ വായന | ജൂൺ – മാർച്ച് | ക്ലാസ് ടീച്ചർ | |
| | * വായനാ ക്യാമ്പുകൾ | 3 മാസത്തിൽ ഒന്ന് | SRG ക്ലാസ് ടീച്ചർ | SRG. |

| | | | | |
|---|---|---|---|---|
| സർഗാത്മകതാ - പരിപോഷണം | ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യവഹാര രൂപങ്ങളാക്കി അവതരിപ്പിക്കൽ (Skit, Drama Conversation Story Telling) | മൂന്ന് മാസത്തിലൊരിക്കൽ | class teacher | SMC |
| സർഗാത്മകതാ രചനോത്സവ വിതരണം | മൂന്ന് മാസം കൂടുമ്പോൾ കുട്ടികളുടെ രചനകൾ ചേർത്തുള്ള മാഗസിൻ തയ്യാറാക്കൽ | മൂന്ന് മാസത്തിലൊരിക്കൽ | HM<br>Class Teacher<br>SMC | SMC |
| വായനാ പരിപോഷണം | കുട്ടികളുടെ നിലവാരത്തിനനുസരിച്ച പുസ്തകങ്ങൾ ഉൾപ്പെടുത്തി വായനാമൂല ഒരുക്കൽ<br>വായനാമേള ഒരുക്കൽ<br>വായനക്കുറിപ്പ് - [illegible] | ജൂൺ 2 മുതൽ [illegible] | ക്ലാസ് ടീച്ചർ | PTA |
| ഇംഗ്ലീഷ് നന്നായി പറയുവാനും എഴുതുവാനും കഴിയുന്ന നിലവാരത്തിലെത്തിക്കൽ (ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യുന്നതിൽ ആത്മവിശ്വാസമുണ്ടാക്കൽ | * വിജ്ഞാനമത്സരം<br>രചനാമത്സരം, മറ്റ് സർഗാത്മക പ്രവർത്തനങ്ങളുടെ അവതരണം. | അവധിക്കാല | | |

# വിഷയം - ഗണിതം

## ലക്ഷ്യങ്ങൾ :-

* ഗണിതവുമായി ബന്ധപ്പെട്ട പിന്നോക്കാവസ്ഥ പരിഹരിക്കൽ
* 1 മുതൽ 4 വരെ മുഴുവൻ കുട്ടികൾക്കും അതാതു ക്ലാസിൽ നേടേണ്ട ശേഷികൾ നേടാൻ കഴിഞ്ഞുവെന്ന് ഉറപ്പുവരുത്തുക.
* ചതുഷ്ക്രിയകൾ അനായാസം കൈകാര്യം ചെയ്യാനുള്ള കഴിവ് നേടൽ
* ഗണിത പഠനത്തിൽ കുട്ടികൾക്ക് താത്പര്യം ജനിപ്പിക്കൽ
* ഗണിത ക്ലബ്ബ്, ഗണിത ലാബ് എന്നിവയുടെ രൂപീകരണവും സജ്ജീകരണവും.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| * കളികളും നിർമ്മാണ പ്രവർത്തനങ്ങളും ഉൾപ്പെടുത്തി ഗണിതം ലളിതമാക്കൽ. | * ഗണിത മാഗസിൻ | ജൂൺ-മാർച്ച് | PTA | |
| | * ജ്യാമിതീയ രൂപങ്ങളുടെ നിർമ്മാണം | സെപ്തംബർ | Class teacher | |
| | * ഗണിതക്ലബ്ബ് ഗണിത പ്രവർത്തനങ്ങൾ ക്ലബ്ബിലൂടെ | മാസത്തിൽ ഒന്ന് | SRG Class teacher | |
| ഗണിത ചിന്ത ശേഷി വളർത്തൽ | ഒരു ദിനം ഒരു ചോദ്യം (കുസൃതി കണക്കുകളും, ഗണിത പസിലുകളും പരിചയപ്പെടൽ) | ആഴ്ചയിൽ ഒന്ന് | SRG ക്ലാസ് ടീച്ചർ | |
| ജ്യാമിതീയ സൗന്ദര്യം തിരിച്ചറിയാം | ഒറിഗാമി ശില്പശാല രസകരമായി ഗണിത പഠനവും നിർമാണ പ്രവർത്തനങ്ങളും ആസ്വദിക്കാനും. ഒറിഗാമി ടാൻഗ്രാം രൂപങ്ങൾ നിർമ്മിക്കൽ, പ്രദർശിപ്പിക്കൽ | ഒക്ടോബർ | SRG PTA | |
| ഗണിത പഠന പ്രവർത്തനം സുതാര്യമാക്കൽ | ഗണിത ലാബ് ഒരുക്കൽ - പഠനത്തിന് ഉപയോഗപ്പെടുത്തൽ. | വർഷം മുഴുവൻ | HM SRG Class teacher | PTA |

| | | | | |
|---|---|---|---|---|
| പഠനോപകര- ണങ്ങളിലൂടെ ഗണി ത പഠനം രസക രമാക്കൽ. | പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം പ്രവർത്തനം. | വർഷത്തിലൊന്ന് | SRG<br>Class Teacher | PTA |
| ഗണിത ശേഷിക- ളുടെ പ്രകടനം | പ്രശ്നോത്തരി പസിൽ, പാട്ടുകൾ, പഠന ഉൽപ്പന്നങ്ങളുടെ പ്രദർശനം. | വർഷത്തിലൊന്ന്. | SRG<br>Class Teacher | PTA |

# വിഷയം: പരിസര പഠനം

ലക്ഷ്യങ്ങൾ :-

* പ്രകൃതിയെ ആഴത്തിൽ അറിയാനും അതിലെ ജീവജാലങ്ങളെ തിരിച്ചറിയാനും.
* പ്രകൃതിയുമായി ഇണങ്ങിച്ചേരാൻ
* പ്രകൃതി സംരക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടൽ.
* ജല സ്രോതസ്സുകളുടെ പ്രാധാന്യം മനസ്സിലാക്കൽ, അവ സംരക്ഷിക്കൽ
* ആരോഗ്യ ശുചിത്വ പ്രവർത്തനങ്ങളിൽ അവബോധമുണ്ടാക്കൽ
* സ്വാതന്ത്ര്യ സമരത്തെ പറ്റിയും ദേശീയ നേതാക്കന്മാരെ പറ്റിയും അറിയൽ.
* വിവിധതരം കലകൾ, ആഘോഷങ്ങൾ എന്നിവയെ പറ്റി വിവരം നേടൽ.
* ട്രാഫിക് നിയമങ്ങൾ മനസ്സിലാക്കൽ, കൂടുതൽ അറിയൽ.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ആഹാര ശീലങ്ങളും, ഭക്ഷണ വസ്തുക്കളുടെ പ്രത്യേകതകളും തിരിച്ചറിയുന്നതിന് | ഭക്ഷ്യമേള - പ്രദർശനം നാടൻ വിഭവങ്ങൾ ഉപയോഗിച്ചുള്ള പാചകവും രുചി അറിവും. | ജൂൺ ജൂലൈ ആഗസ്ത് | | |
| ശുചിത്വ ബോധമുള്ള വ്യക്തിത്വവും സമൂഹവും സൃഷ്ടിക്കുന്നതിന്. | ശുചിത്വ സർവ്വേ ക്ലാസുകൾ പോസ്റ്റർ രചന മത്സരം അവതരണങ്ങൾ | ജൂൺ ജൂലൈ. | | |
| ശാസ്ത്രബോധം ഉണർത്തുക. | കണ്ടെത്താം അറിയാം ലഘു പരീക്ഷണങ്ങൾ കണ്ടെത്തൽ കുറിപ്പ് തയ്യാറാക്കൽ | ജൂൺ ജൂലൈ ആഗസ്ത് | | |
| നിരീക്ഷണം - അറിവ് നിർമ്മാണം. | പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ | ആവശ്യാനുസരണം | HM CPTA | |

| | | | | |
|---|---|---|---|---|
| പ്രകൃതിയെ അറി-യുന്നതിനും ആസ്വദി-ക്കുന്നതിനും | പൂന്തോട്ടങ്ങൾ, ഔഷധത്തോട്ടങ്ങൾ ശലഭോദ്യാനം ചുറ്റുവട്ടം എന്നിവ നിർമ്മിക്കൽ | ഡിസംബർ ജനുവരി | SRG SMC | SMC |
| നാടറിയാൻ - നാട്ടറി-വുകൾ | കർഷകരുമായി അഭിമുഖം. കൃഷിയിടത്തിലേക്ക്. നമുക്കും കർഷകരാകാം. | ജനുവരി | SRG SMC | |
| പ്രകൃതി വിഭവ സംരക്ഷണം | പരിസ്ഥിതിസംരക്ഷണ പ്രവർ-ത്തനങ്ങളിലെ പങ്കാളിത്തം | ജൂലൈ-ഡിസംബർ | | |
| ശാസ്ത്രീയ പരീക്ഷ-ണങ്ങൾ താൽപര്യ-മുണർത്തൽ | ശാസ്ത്ര ക്ലബ്ബുകളുടെ ആഭിമുഖ്യം പരീക്ഷണ വിധികളും ശാസ്ത്ര പഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ, പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ. | | | |
| കേരളം — ഇന്ത്യ ഭൂപടവായന സൂചിക പരിചയപ്പെടൽ | ഭൂപട വായന, ഭൂപട രചന സൂചികാ നിർമ്മാണം | വർഷത്തി-ലൊന്ന്. | | PTA |
| ശാസ്ത്ര പഠനം ഉപകരണങ്ങൾ | ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട ഉപകരണ-ങ്ങൾ ചിത്രങ്ങൾ എന്നിവ ശേഖരം പ്രദർശിപ്പിക്കൽ | | HM SRG Class Teacher | PTA |
| ശാസ്ത്ര പഠനത്തി-ലൂടെ നേടിയ അറിവു-കളുടെ പ്രദർശനം. | → ശാസ്ത്ര മാസികകളുടെ നിർമ്മാണം പ്രദർശനം → ലഘു പരീക്ഷണങ്ങളിലേർപ്പെ-ടൽ | വർഷത്തി-ലൊന്ന് | HM SRG class teacher | PTA |